# ആധ്യാത്മ സരണികൾ

ഇസ്‌ലാമിക നാഗരികതയുടെ പ്രഭാവകാലത്ത് തത്ത്വചിന്തയെ തുടർന്ന് വികാസം പ്രാപിച്ച ആത്മീയ ചിന്താ സരണിയെ പൊതുവേ സ്വൂഫിസം എന്നു വിളിക്കുന്നു. "സ്വൂഫിസം പണ്ട് പേരില്ലാത്ത ഒരു യാഥാർഥ്യമായിരുന്നു; ഇപ്പോഴത് യാഥാർഥ്യമില്ലാത്ത ഒരു പേരാകുന്നു." (അത്തസ്വവ്വുഫുൽ യൗമ ഇസ്മുൻ വലാ ഹഖീഖഃ വഖദ് കാന ഹഖീഖഃ വലാ ഇസ്മൻ) എന്ന് 10-ാം നൂറ്റാണ്ടിലെ അബുൽഹസനിൽ ഫുശൻജി എന്ന സ്വൂഫിവര്യൻ അഭിപ്രായ പ്പെടുകയുണ്ടായി. പ്രവാചകന്റെയോ തിരുസഖാക്കളുടെയോ ജീവിതകാലത്ത് ആത്മീയത ഒരു യാഥാർഥ്യമായിരു ന്നുവെന്നും അതിന് സ്വൂഫിസം എന്ന പേരില്ലായിരുന്നുവെന്നും എന്നാൽ സ്വൂഫിസം പ്രചാരത്തിൽ വന്നതോടെ ആ പേർ മാത്രം അവശേഷിച്ച് ആത്മീയത ഒരു യാഥാർഥ്യമല്ലാതാവുകയും ചെയ്തു എന്നാണ് മേല്പറഞ്ഞതിന്റെ പൊരുൾ എന്ന് ശൈഖ് ഹുജ്‌വീരി *കശ്ഫുൽ മഹ്ജൂബിൽ* നിരീക്ഷിക്കുന്നു (ഹുജ്‌വീരി, *കശ്ഫുൽ മഹ്ജൂബ്,* ഇംഗ്ലീഷ് വിവർത്തനം: ആർ.എ. നിക്കൾസൻ പു. 44). നാഗരികതയുടെ വളർച്ചയോടെ കൈവന്ന സമൃദ്ധി സ്വാഭാവികമായും സുഖാഡംബരങ്ങൾക്ക് വഴിതുറന്നപ്പോൾ അതിൽ മനംനൊന്ത സാത്വികർ ആത്മീയതയിലേക്ക് ഉൾവലിഞ്ഞതിന്റെ ഫലമാണ് ഇസ്‌ലാമിലെ ആത്മീയ വാദികളായ സ്വൂഫികൾ. വിശുദ്ധ ഖുർആന്റെ ഗൂഢാർഥങ്ങളും ആരാധനകളുടെ ആന്തര സാരങ്ങളും ആത്മാവിന്റെ സ്വാതന്ത്ര്യവുമായിരുന്നു സ്വൂഫികളുടെ ചിന്തകളിൽ നിറഞ്ഞു നിന്നത്. ഭൗതിക വിരക്തരായി അവർ നിരന്തരം സഞ്ചരിച്ചുകൊണ്ടിരുന്നു. ഇസ്‌ലാമിക ആധ്യാത്മികതയിലേക്ക് നിയോപ്ലാറ്റോണിസ ത്തിന്റെയും നെസ്റ്റോറിയൻ ജ്ഞാനവാദത്തിന്റെയും ഹൈന്ദവ ആത്മീയ വാദത്തിന്റെയും അംശങ്ങൾ ചില സ്വൂഫി കൾ ഉൾച്ചേർത്തു എന്ന വിമർശനമുണ്ട്. ഓറിയന്റലിസ്റ്റ് ഗവേഷകർ സ്വൂഫീ ചിന്തകളിലെ നിയോപ്ലാറ്റോണിക് സ്വാധീ നത്തെക്കുറിച്ചു വിസ്തരിച്ച് പറയുന്നുണ്ട്. ഉമവീ അബ്ബാസീ ഖലീഫഃമാരുടെ ആർഭാടങ്ങളെ എതിർക്കുകയും അബൂ ബക്ർ, ഉമർ തുടങ്ങിയവരുടെ ആദ്യകാല ലാളിത്യം വീണ്ടെടുക്കണമെന്ന് വാദിക്കുകയും ചെയ്ത സ്വൂഫികളെ രാഷ്ട്രീയമായി ഭയന്നിരുന്നു ചില ഭരണാധികാരികൾ. സ്വൂഫികളുടെ നേതൃത്വത്തിൽ രാഷ്ട്രീയ കലാപങ്ങളും അരങ്ങേറിയിട്ടുണ്ട്. മുസ്‌ലിംമനസ്സിനെ ആഴത്തിൽ സ്പർശിക്കാൻ സ്വൂഫിസത്തിനു കഴിഞ്ഞു. സ്വൂഫികളുടെ ലളിത ജീവിതവും ഭൗതിക വിരക്തിയും ആത്മീയ പരിവേഷവും അദ്ഭുതങ്ങൾ പ്രവർത്തിക്കാനുള്ള കഴിവുമായിരുന്നു ഇതിനു കാരണം. അനേക ലക്ഷം അന്യമതസ്ഥരെ ഇസ്‌ലാമിലേക്കാകർഷിക്കാൻ സ്വൂഫീ പ്രബോധകർക്കു സാധി ച്ചു. ഇസ്‌ലാമിന്റെ ജമാലിയ്യതി(സൗന്ദര്യ ധാര)ന്റെ വാഹകരായാണ് സ്വൂഫീ പ്രബോധകർ അറിയപ്പെടുന്നത്. ശരീഅത് -ത്വരീഖത്- ഹഖീഖത് എന്ന ത്രിത്വത്തിൽ വിശ്വസിക്കുന്നവരായിരുന്നു സ്വൂഫികളിൽ അധികവും. എന്നാൽ ശരീഅതി നെ പ്രായോഗിക ജീവിതത്തിൽനിന്നൊഴിവാക്കി ഇസ്‌ലാമിക മുഖ്യ ധാരയിൽനിന്ന് ബഹുദൂരം അകന്നു സഞ്ചരിച്ച വരും സ്വൂഫികളുടെ കൂട്ടത്തിലുണ്ട്. 'ഞാനാണ് ദൈവം. അതിനാൽ എല്ലാ സ്തുതിയും എനിക്ക്' എന്നിങ്ങനെ പ്രസ്താവിച്ച് വിവാദങ്ങൾ സൃഷ്ടിച്ചവരും സ്വൂഫികളുടെ ഗണത്തിൽപെടുന്നു. സുബ്ഹാനല്ലാ എന്നതിനു പകരം സുബ്ഹാനീ (ഞാൻ പരിശുദ്ധൻ) എന്ന മന്ത്രമുരുവിട്ട ബായസീദ് ബിസ്ത്വാമിയും അനൽഹഖ് എന്ന് പറഞ്ഞ മൻസ്വൂറുൽ ഹല്ലാജും ഇവരിൽ പ്രശസ്തരാണ്. നിരന്തരമായ പരിശീലനത്തിലൂടെ അത്യുന്നതമായ ആത്മീയ പദവി കൈവരിക്കാനാവും എന്ന് സ്വൂഫികൾ വിശ്വസിച്ചു. പർണശാലകൾ (ഖാൻ ഖാഹുകൾ) കേന്ദ്രീകരിച്ചായിരുന്നു സ്വൂഫീ ധ്യാനങ്ങളും ആത്മീയ പരിശീലനങ്ങളും നടന്നിരുന്നത്.

സ്വൂഫീ ഗുരുക്കന്മാർ അവരുടെ ആചാര സമ്പ്രദായങ്ങളും സവിശേഷമായ പ്രാർഥനകളും (ദിക്റ്/ഔറാദ്) ശിഷ്യരിലേക്ക് പകർന്നു. ഇങ്ങനെ വ്യത്യസ്ത ഗുരുക്കന്മാരെ പിന്തുടർന്നവർ വ്യത്യസ്ത സ്വൂഫീ സരണി- ത്വരീ ഖത്/സിൽസിലഃ-കളായി രൂപാന്തരപ്പെട്ടു. ഇങ്ങനെ പല കാലങ്ങളിലായി ആവിർഭവിച്ച ത്വരീഖതുകളാണ് ഖാദിരി യ്യഃ, സുഹ്റവർദിയ്യഃ, നഖ്ശ ബന്ദിയ്യഃ, ശാദിലിയ്യഃ, സൈദിയ്യഃ, ഖയ്യൂമിയ്യഃ, ചിശ്തിയ്യഃ മുതലായവ.

സ്വൂഫികളുടെ ജീവിതത്തെ സംബന്ധിച്ച് രസനിഷ്യന്ദികളും ആലോചനാമൃതങ്ങളുമായ നിരവധി കഥകൾ പ്രചാരത്തിലുണ്ട്. സ്വൂഫീ തത്ത്വശാസ്ത്ര വിചാരങ്ങളും ആത്മീയ ചിന്തയുടെ ഔന്നത്യവും പ്രസരിപ്പിക്കുന്ന കാവ്യ ങ്ങളും ധാരാളം. ജലാലുദ്ദീൻ റൂമിയുടെ *മഥ്നവി*യാണ് സ്വൂഫീ കവിതകളിലെ മാസ്റ്റർ പീസ്.

നാഗരികതയുടെ സൃഷ്ടിയായ കല, സാഹിത്യം, വാസ്തുശില്പം, ശാസ്ത്രം തുടങ്ങിയവയെ പിന്നോട്ട് നയി ക്കാനാണ് സ്വൂഫിസം കൊണ്ടുവന്ന തീവ്ര ആത്മീയത നിമിത്തമായത് എന്ന് ചില ചരിത്രകാരന്മാർ വിലയിരുത്തി യിട്ടുണ്ട്. നാഗരികതക്കെതിരെ ഉയിർകൊണ്ട ഒരു ചിന്താ തരംഗമായി അവർ സ്വൂഫിസത്തെ കാണുന്നു. ഭൗതിക പുരോഗതിക്ക് സ്വൂഫിസം തടസ്സം നില്ക്കുന്നു എന്നതാണവരുടെ വാദം.